# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **4161**

**12.11.2019** ൽ മറുപടിക്ക്

### നിർമ്മാണ വസ്തുക്കൾക്ക് കൃത്രിമക്ഷാമം

**ചോദ്യം**

ശ്രീ.ആന്റണി ജോൺ

(എ) കേരളത്തിൽ കരിങ്കല്ല്, പാറമണൽ, സിമന്റ് തുടങ്ങിയ നിർമ്മാണ വസ്തുക്കൾക്ക് കൃത്രിമക്ഷാമം ഉണ്ടാക്കി യാതൊരു നിയന്ത്രണവുമില്ലാതെ തോന്നുന്നപോലെ വിലവർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കൃത്രിമമായി ഉണ്ടാക്കുന്ന വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നിർമ്മാണ മേഖലയിലെ വസ്തുക്കൾക്ക് കൃത്രിമമായി വിലക്കയറ്റം ഉണ്ടാകുന്ന പ്രവണത തടയുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി**

ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പുമന്ത്രി)

(എ) കൊല്ലം ജില്ലയിൽ കരിങ്കല്ല്, പാറ, മണൽ, സിമന്റ് തുടങ്ങിയ നിർമ്മാണ വസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ക്വാറി ഉടമകളുമായി ചർച്ച നടത്തി വരുന്നുണ്ട്.

(ബി) & (സി) ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുവാനുള്ള നടപടി സ്വീകരിച്ച് ക്വാറി ഉൽപ്പന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തണമെന്ന് ജില്ലാ കളക്ടർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ